# ഇന്ത്യ- ഇറാന് ഗവൻമെന്റുകള് തമ്മില് ധാരണാ പത്രം

മെയ് 06, 2015

ഇറാനിലെ ചബാഹർ തുറമുഖ വികസനത്തില് ഇന്ത്യയുടെ പങ്കാളിത്തം ബന്ധപ്പെട്ടുള്ള ഇന്ത്യ- ഇറാന് ഗവൻമെന്റുകള് തമ്മിലുള്ള ഒരു ധാരണാപത്രത്തിൽ റിപ്പബ്ലിക് ഓഫ് ഇന്ത്യയുടെ കേന്ദ്ര ഷിപ്പിംഗ്, റോഡ് ഗതാഗതം & ഹൈവേസ് വകുപ്പ് മന്ത്രി ആദരണീയനായ ശ്രീ നിതിൻ ഗഡ്ക്കരിയും ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാൻ ഗതാഗത - അർബന് വികസന മന്ത്രി ആദരണീയനായ ഡോ. അബ്ബാസ് അഹ്മദ് അഖൌണ്ടിയും ഇന്ന് ഒപ്പ് വച്ചു.

ഈ ധാരണാപത്രം ഒപ്പ് വച്ചതോടെ തുറമുഖത്ത് നിലവിലുള്ള രണ്ടു ബെർത്തുകള് ഇന്ത്യയുടെ സ്ഥാപനങ്ങൾ വാടകയ്ക്ക് എടുക്കുകയും അവ കണ്ടെയ്നർ , വിവിധോദ്ദേശകരമായ കാർഗോ ടെർമിനലുകള് ആയി പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന തരത്തിൽ ഇന്ത്യയുടെയും ഇറാന്റെയും വ്യാപാരസംബന്ധമായ പങ്കാളികള് തമ്മില് ഒരു വ്യവസായ കരാർ ഉണ്ടാകുന്നതിനും ഇടപാടുകളില് പങ്കെടുക്കുന്നതിനും സഹായകമാകും .

ഒരു പ്രവർത്തനക്ഷമമായ കണ്ടെയ്നറും വിവിധോദ്ദേശകരമായ കാർഗോ ടെർമിനലും ചബഹാര് തുറമുഖത്ത് ലഭ്യമാകുന്നതിലൂടെ അഫ്ഗാനിസ്ഥാന്റെ ഹാരരൂപത്തിലുള്ള റോഡ് ശൃംഖല സംവിധാനത്തിന് സമുദ്രതുറമുഖത്തെക്കുള്ള ഇതരമാർഗം കൈവരും. അത് പ്രധാനമായും അഫ്ഗാനെ മൊത്തം മേഖലാ, ആഗോള വിപണിയിലേക്ക് ബന്ധപ്പെടുത്തുന്നത് കൂടുതൽ സഹായിക്കും. അതിനു പുറമെ ഇപ്പോൾ രാജ്യത്തു നടന്നു കൊണ്ടിരിക്കുന്ന

പുനർനിർമ്മാണ, മനുഷ്യത്വപരമായ ശ്രമങ്ങൾക്ക് പ്രോത്സാഹനവും ആകും .

മെയ് 06, 2015